"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2021-22 നാളികേര വികസന കൗൺസിൽ പദ്ധതി - ചാലോട് ടിxഡി പോളിനേഷൻ യൂണിറ്റിന് അനുവദിച്ച തുക - കമ്പോണന്റ് മാറ്റം വരുത്തി ചെലവഴിച്ച സീനിയർ കൃഷി ഓഫീസറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(സാധാ) നം.650/2023/AGRI തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം. 498/2021/കൃഷി, തീയതി 16.06.2021
2. കൃഷി ഡയറക്ടറുടെ സർക്കുലർ നം. ADFW/2841/2021-TH2, തീയതി 05/07/2021.
3. കൃഷി ഡയറക്ടറുടെ 26/08/2022, 11/01/2023 തീയതികളിലെ ADFW/2841/2021-TH2 നം. കത്തുകൾ.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 2021-22 വർഷ നാളികേര വികസന കൗൺസിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ സർക്കുലർ പ്രകാരം വയനാട് ഒഴികെയുള്ള ജില്ലകൾക്ക് Cost of Seed nut, Transportation cost, Operational Expenses, Miscellaneous expenses, Nursery Expenses എന്നീ ഇനത്തിൽ 2401-00-103-87 പ്ലാൻ ശീർഷകത്തിൽ കൃഷി ഡയറക്ടർ തുക അനുവദിക്കുകയും ചെയ്തിരുന്നു.

2) 2021-22 വർഷ നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം ചാലോട് ടിxഡി പോളിനേഷൻ യൂണിറ്റിന് അനുവദിച്ച തുകയിൽ താഴെ പറയും പ്രകാരം കമ്പോണന്റ് മാറ്റം വരുത്തി (വകമാറ്റി) ചെലവഴിച്ച ചാലോട് ടിxഡി പോളിനേഷൻ യൂണിറ്റ് സീനിയർ കൃഷി ഓഫീസറുടെ നടപടിയ്ക്ക് സാധുകരണം നൽകണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| ചെലവഴിച്ച തുക | വകമാറ്റി ചെലവഴിച്ച കമ്പോണന്റ് |
|---|---|
| Nut Cost (Dwarf) ഇനത്തിൽ (285 വിത്തുതേങ്ങയുടെ വില) അധികമായി ചെലവഴിച്ച തുക - 19,950/- രൂപ | Nut Cost (WCT) ഇനത്തിൽ ബാക്കിയായ 19,950/- രൂപയിൽ നിന്നും |
| | ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ബാക്കിയായ |

| | |
|---|---|
| ഹോണറേറിയം ഇനത്തിൽ അധികമായി ചെവഴിച്ച തുക- 84,029/- രൂപ | 19,926/- രൂപയിൽ നിന്നും, മിസ്സല്ലേനിയസ് ഇനത്തിൽ ബാക്കിയായ 64,103/- രൂപ എന്നിവയിൽ നിന്നും |

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2021-22 നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം ചാലോട് ടിxഡി പോളിനേഷൻ യൂണിറ്റിന് അനുവദിച്ച തുകയിൽ, മേൽ പട്ടിക പ്രകാരം കമ്പോണന്റ് മാറ്റം വരുത്തി ചെലവഴിച്ച ചാലോട് ടിxഡി പോളിനേഷൻ യൂണിറ്റ് സീനിയർ കൃഷി ഓഫീസറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ